(സി) കേന്ദ്ര സർക്കാരിൽനിന്ന് തുകയൊന്നും ലഭിച്ചിട്ടില്ല.

(ഡി) & (ഇ) സംസ്ഥാനത്തെ കാർഷികവിളകളായ നെല്ലിനും കൊപ്രയ്ക്കും മാത്രമാണ് കേന്ദ്രസർക്കാർ വർഷാവർഷം താങ്ങുവില പ്രഖ്യാപിക്കുന്നത്. മുൻവർഷങ്ങളിൽ കേന്ദ്രസർക്കാർ നിശ്ചയിച്ച താങ്ങുവിലയെക്കാൾ ഉയർന്ന സംഭരണവില നിശ്ചയിച്ച് സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തിയതിനാലും 2002-2005 വർഷങ്ങളിൽ കൊപ്രയുടെ വിപണിവില താങ്ങുവിലയെക്കാൾ മെച്ചമായതു കാരണം സംഭരണം നടത്താത്തതിനാലുമാണ് കേന്ദ്ര സർക്കാരിൽ നിന്നും ഇക്കാര്യത്തിൽ സഹായമൊന്നും ലഭിക്കാത്തത്.

കാർഷികമേഖലയിലെ പ്രത്യേക തൊഴിൽദാന പദ്ധതി

306 [1234] *ശ്രീ. ബിനോയ് വിശ്വം:*
,, *എം. കുമാരൻ:*
,, *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ 1995-ൽ പ്രഖ്യാപിച്ച പ്രത്യേക തൊഴിൽദാന പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ഇവരിൽ രജിസ്ട്രേഷൻ ഫീസിനു പുറമേ ആയിരം രൂപവീതം അടച്ചവർ എത്ര;

(ബി) ഈ തൊഴിൽ വാഗ്ദാനത്തിന്റെ പേരിൽ എത്ര തുക പിരിഞ്ഞുകിട്ടി;

(സി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കാൻ കഴിയാതെപോയത് എന്തുകൊണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,04,215 പേർ. രജിസ്ട്രേഷൻ ഫീസിനുപുറമേ 1000 രൂപ അടച്ച് പദ്ധതിയിൽ പൂർണ്ണ അംഗത്വം നേടിയിട്ടുള്ളവർ 98,861 പേർ.

(ബി) 10,41,98,508 രൂപ.

(സി) യുവജനങ്ങളെ കാർഷികമേഖലയിൽ ആകർഷിച്ചുനിർത്തുക, സ്വയംതൊഴിൽ കണ്ടെത്തുകവഴി അവർക്ക് സ്ഥിരമായ തൊഴിലും വരുമാനവും ഉണ്ടാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ പദ്ധതിക്കുള്ളത്.

(ഡി) ഈ പദ്ധതി ഇപ്പോൾ നടപ്പാക്കിവരികയാണ്.

GPM. 2/567/2012—41

LIBRARY ARCHIVES Kerala Legislative Assembly